# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560
ഫോൺ:0481-2733512

## വാർത്താക്കുറിപ്പ്

**2023 മാർച്ച് 21**

---

## പേറ്റന്റ് ഫയലിംഗിന് എം.ജി. സർവകലാശാല- ടൈമെഡ് ധാരണ

പേറ്റന്റ് ഫയലിംഗ് പ്രവർത്തനങ്ങളിൽ സഹകരിക്കുന്നതിന് മഹാത്മാ ഗാന്ധി സർവകലാശാലയും തിരുവനന്തപുരം ശ്രീചിത്ര തിരുന്നാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയുടെ ബിസിനസ് ഇൻ ക്യുബേഷൻ വിഭാഗമായ ടൈമെഡും തമ്മിൽ ധാരണയായി. സർവകലാശാലാ രജിസ്ട്രാർ ഡോ. ബി. പ്രകാശ് കുമാറും ടൈമെഡ് സി.ഇ.ഒ എസ്. ബൽറാമും ധാരണാ പത്രത്തിൽ ഒപ്പുവച്ചു.

സർവകലാശാലയിലെ വിവിധ ഗവേഷണ വിഭാഗങ്ങളുടെ കണ്ടെത്തലുകൾക്ക് പേറ്റന്റ് നേടുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്താൻ പുതിയ സഹകരണം സഹായകമാകുമെന്ന് രജിസ്ട്രാർ പറഞ്ഞു. പേറ്റന്റ് നടപടിക്രമങ്ങളിലെ കാലതാമസം ഒഴിവാക്കുന്നതിനും സാമ്പത്തിക ചിലവ് കുറയ്ക്കുന്നതിനും സാധിക്കും. പേറ്റന്റ് നടപടികൾ വേഗത്തിലാക്കുന്നത് കൂടുതൽ സ്റ്റാർട്ടപ്പുകൾ ആരംഭിക്കുന്നതിന് പ്രചോദനമേകും. സാങ്കേതിക വിദ്യയുടെ കൈമാറ്റവും സംരംഭകത്വം പ്രോത്സാഹിപ്പിക്കലും ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളും ലക്ഷ്യമിടുന്നതായും അദ്ദേഹം പറഞ്ഞു.

ധാരണാ പത്രം ഒപ്പുവയ്ക്കൽ ചടങ്ങിൽ സർവകലാശാലാ സിൻഡിക്കേറ്റ് അംഗം പി. ഹരികൃഷ്ണൻ, ബിസിനസ് ഇന്നോവേഷൻ ആൻഡ് ഇൻക്യൂബേഷൻ സെന്റർ ഡയറക്ടർ ഡോ. ഇ. കെ. രാധാകൃഷ്ണൻ, ഇൻക്യൂബേഷൻ

മാനേജർമാരായ ഡോ.സി. ചന്ദന, ഡോ. സൗമ്യ, അസിസ്റ്റന്റ് മാനേജർ റോയ്സ് ചാക്കോ മാത്യു തുടങ്ങിയവർ പങ്കെടുത്തു.

ഫോട്ടോ അടിക്കുറിപ്പ്..

മഹാത്മാഗാന്ധി സർവകലാശാലയും തിരുവനന്തപുരം ശ്രീചിത്ര തിരുന്നാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയുടെ ബിസിനസ് ഇൻക്യുബേഷൻ വിഭാഗമായ ടൈമെഡും തമ്മിൽ ഒപ്പുവച്ച ധാരണാ പത്രം സർവകലാശാലാ രജിസ്ട്രാർ ഡോ. ബി. പ്രകാശ് കുമാറും ടൈമെഡ് സി.ഇ.ഒ എസ്. ബൽറാമും പ്രദർശിപ്പിക്കുന്നു. സിൻഡിക്കേറ്റ് അംഗം പി. ഹരികൃഷ്ണൻ, ബിസിനസ് ഇന്നോവേഷൻ ആൻഡ് ഇൻക്യൂബേഷൻ സെന്റർ ഡയറക്ടർ ഡോ. ഇ. കെ. രാധാകൃഷ്ണൻ എന്നിവർ സമീപം.

(പി.ആർ.ഒ/39/324/2023)

## <u>പ്രാക്ടിക്കൽ</u>

ഒന്നാം സെമസ്റ്റർ ബി.വോക് ഇൻഡസ്ട്രിയൽ ഇൻസ്ട്രുമെന്റേഷൻ ആന്റ് ഓട്ടോമേഷൻ(ന്യൂ സ്കീം 2022 അഡ്മിഷൻ റെഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെന്റും റീ അപ്പിയറൻസും, 2019, 2018 അഡ്മിഷൻ റീ അപ്പിയറൻസ് - മാർച്ച് 2023) പരീക്ഷയുടെ ്പ്രാക്ടിക്കൽ പരീക്ഷകൾ മാർച്ച് 27 മുതൽ കോളജുകളിൽ നടക്കും.വിശദമായ ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

.........................

ഒന്നാം സെമസ്റ്റർ ബി. വോക് പ്രിന്റിംഗ് ടെക്നോളജി(2022 അഡ്മിഷൻ റെഗുലർ, 2020 അഡ്മിഷൻ റീ അപ്പിയറൻസും ഇംപ്രൂവ്മെന്റും, 2019, 2018 അഡ്മിഷൻ റീ അപ്പിയറൻസ് - മാർച്ച് 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ മാർച്ച് 23ന് ആരംഭിക്കും. വിശദമായ ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

.........................

അഞ്ചാം സെമസ്റ്റർ ബി.വോക് പ്രിന്റിംഗ് ടെക്നോളജി(2020 അഡ്മിഷൻ റെഗുലർ - ഫെബ്രുവരി 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ മാർച്ച് 24ന് ആരംഭിക്കും. വിശദമായ ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

.........................

2023 ജനുവരിയിൽ വിജ്ഞാപനം പുറപ്പെടുവിച്ച മൂന്നാം സെമസ്റ്റർ ബി.എസ്.സി

മാത്തമാറ്റിക്സ് മോഡൽ 2 കമ്പ്യൂട്ടർ സയൻസ്(സി.ബി.സി.എസ്, 2021 അഡ്മിഷൻ റെഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെന്റും റീ അപ്പിയറൻസും, 2017, 2018, 2019 അഡ്മിഷനുകൾ റീ അപ്പിയറൻസ്) പരീക്ഷയുടെ Software Lab III using SQL എന്ന പ്രാക്ടിക്കൽ പരീക്ഷ മാർച്ച് 27 മുതൽ നടക്കും. വിശദമായ ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

.........................

2023 ജനുവരിയിൽ വിജ്ഞാപനം പുറപ്പെടുവിച്ച മൂന്നാം സെമസ്റ്റർ ബി.എഫ്.ടി, ബി.എസ്.സി അപ്പാരൽ ആന്റ് ഫാഷൻ ഡിസൈൻ(സി.ബി.സി.എസ് 2021 അഡ്മിഷൻ റെഗുലർ, 2020 അഡ്മിൻ ഇംപ്രൂവ്മെന്റും റീ അപ്പിയറൻസും, 2017, 2018, 2019 അഡ്മിഷനുകൾ റീ അപ്പിയറൻസ് പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ മാർച്ച് 27ന് ആരംഭിക്കും. വിശദമായ ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/325/2023)

## പരീക്ഷാ ഫലം

ഒന്നാം സെമസ്റ്റർ എം.എ ഇക്കണോമിക്സ് (സി.എസ്.എസ് 2021 അഡ്മിഷൻ റെഗുലർ, 2020, 2019 അഡ്മിഷനുകൾ സപ്ലിമെന്ററി, ജൂലൈ 2022) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യ നിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഏപ്രിൽ നാലു വരെ ഓൺലൈനിൽ അപേക്ഷ നൽകാം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

.........................

ഒന്നാം സെമസ്റ്റർ എം.എസ്.സി ഹോം സയൻസ് ബ്രാഞ്ച് 10(എ) ചൈൽഡ് ഡവലപ്മെന്റ്, ബ്രാഞ്ച് 10(ഡി) ഫാമിലി ആന്റ് കമ്യൂണിറ്റി സയൻസ്(2021 അഡ്മിഷൻ റെഗുലർ, 2020 അഡ്മിഷൻ സപ്ലിമെന്ററി ജൂലൈ 2022) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധയ്ക്കും നിശ്ചിത ഫീസ് അടച്ച് ഏപ്രിൽ രണ്ടുവരെ ഓൺലൈനിൽ അപേക്ഷ നൽകാം. വിശദ വിവരങ്ങൾ സർവകലശാലാ വെബ്സൈറ്റിൽ.

.........................

ഒന്നാം സെമസ്റ്റർ എം.എസ്.സി ഫിസിക്സ്(2021 അഡ്മിഷൻ റെഗുലർ,

2020 അഡ്മിഷൻ ഇംപ്രൂവ്മെന്റും സപ്ലിമെന്ററിയും, 2019 അഡ്മിഷൻ സപ്ലിമെന്ററി ജൂലൈ 2022) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധയ്ക്കും നിശ്ചിത ഫീസ് അടച്ച് ഏപ്രിൽ രണ്ടുവരെ ഓൺലൈനിൽ അപേക്ഷ നൽകാം. വിശദ വിവരങ്ങൾ സർവകലശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/326/2023)

## ശിൽപ്പശാല നടത്തി

ഗൾഫ് രാജ്യങ്ങളിലെ പ്രവാസത്തിനുശേഷം നാട്ടിൽ മടങ്ങിയെത്തിയവരുടെ ക്ഷേമവുമായി ബന്ധപ്പെട്ട് മഹാത്മാഗാന്ധി സർവകലാശാലയുടെ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ സോഷ്യൽ സയൻസ് മലപ്പുറം വാറങ്കോട് ശിൽപ്പശാല സംഘടിപ്പിച്ചു. മടങ്ങി വന്ന പ്രവാസികളുടെ വൈദഗ്ധ്യം സംസ്ഥാനത്ത് പ്രയോജനപ്പെടുത്താൻ പ്രവാസി തൊഴിൽ എക്സ്ചേഞ്ച് ആരംഭിക്കണമെന്ന് ശിൽപ്പശാലയിൽ പങ്കെടുത്തവർ നിർദേശിച്ചു.

സംസ്ഥാന പദ്ധതി പ്രകാരം നടത്തുന്ന ഗവേഷണ പഠനത്തിന്റെ ഭാഗമായി നടത്തുന്ന ആറാമത്തെ ശിൽപ്പശാലയ്ക്ക് പഠനകേന്ദ്രം ഡയറക്ടർ ഡോ. കെ.എം.സീതി, ഡോ. അജയ്, സുദീപ്, തൽഹത് തുടങ്ങിയവർ നേതൃത്വം നൽകി.

(പി.ആർ.ഒ/39/327/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**